പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: T 339 — 14.10.2011- ലെ മറുപടി

## റെയിൽപാത ഇരട്ടിപ്പിക്കുന്നതിന് ഭൂമി

ചോദ്യം

ശ്രീ. സി. കെ.സദാശിവൻ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. വി. ചെന്താമരാക്ഷൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജ വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടി, ഏതെല്ലാം റെയിൽവേ പാതകളുമായി ബന്ധപ്പെട്ടതാണ് ; പൂർണ്ണമായി ഭൂമി ഏറ്റെടുത്തത് ഏതെല്ലാം റെയിൽവേ പാതകളുടെ കാര്യത്തിലാണ് ; | (എ) | പാത ഇരട്ടിപ്പിക്കലിന് ആവശ്യമായ ഭൂമി മുഴുവനായും ഏറ്റെടുത്ത് റെയിൽവേയ്ക്ക് നൽകിയിട്ടില്ല.<br>എറണാകുളം - കായംകുളം (കോട്ടയം വഴി), എറണാകുളം - കായംകുളം (ആലപ്പുഴ വഴി) പാതകളുമായി ബന്ധപ്പെട്ടതാണ് അവശേഷിക്കുന്ന ഭൂമി ഏറ്റെടുക്കൽ നടപടി.<br>ഷൊർണ്ണൂർ - പള്ളിപ്പുറം, കല്ലായി - കോഴിക്കോട്, എറണാകുളം - മുളന്തുരുത്തി, മാവേലിക്കര - കായംകുളം, കായംകുളം - ഹരിപ്പാട്, ചെങ്ങന്നൂർ - മാവേലിക്കര എന്നീ പാതകളുടെ കാര്യത്തിലാണ് പൂർണ്ണമായി ഭൂമി ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളത്. കൂടാതെ ഹരിപ്പാട് - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് റെയിൽവേ ആവശ്യപ്പെട്ട 21.5080 ഹെക്ടറിൽ 21.2568 ഹെക്ടർ സ്ഥലവും റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എപ്പോഴാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) | നിലവിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത് നൽകേണ്ട കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം എന്നി ജില്ലകളിലെ കളക്ടർമാരുടെയും, റെയിൽവേ ഉദ്യോഗസ്ഥരുടെയും അവലോകനയോഗം 18.04.2011-ൽ ഗതാഗതവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും 10.10.2011-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ചേരുകയുണ്ടായി.<br>എറണാകുളം -കായംകുളം പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ നിന്നും 34.5051 ഹെക്ടറും, ചെങ്ങന്നൂർ - ചിങ്ങവനം പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ നിന്നും 2.8656 ഹെക്ടറും, ഹരിപ്പാട് - അമ്പലപ്പുഴ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നിന്നും 0.2512 ഹെക്ടറും, എറണാകുളം - കുമ്പളം പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിൽ നിന്നും 7.0000 ഹെക്ടർ സ്ഥലവും നിലവിൽ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് റെയിൽവേയ്ക്ക് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്.<br>കുമ്പളം - തുറവൂർ പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ നിന്നും ഏറ്റെടുത്ത് നൽകേണ്ട സ്ഥലത്തെ സംബന്ധിച്ച അർത്ഥന **(Requisition)** റെയിൽവേയിൽ നിന്നും ലഭ്യമാകാനുണ്ട്. |

സെക്ഷൻ ഓഫീസർ